**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2830** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേരള മാരിടൈം ബോർഡ് വഴി ലൈസൻസ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരള മാരിടൈം ബോർഡ് വഴി ബോട്ട് സ്രാങ്ക്, ഡ്രൈവർ, ലസ്കർ തസ്തികകളിലേക്കുള്ള ലൈസൻസ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | നിലവിൽ കേരള ഇൻലാൻഡ് വെസ്സൽ റൂൾ 2010 പ്രകാരമുള്ള ബോട്ട് സ്രാങ്ക്, ലാസ്കർ തുടങ്ങിയ ലൈസൻസുകളാണ് കേരള മാരിടൈം ബോർഡ് വഴി നൽകുന്നത്. പുതിയ ഐ.വി ആക്ട് 2021/Inland Manning rules 2022 പ്രകാരം പ്രസ്തുത ലൈസൻസ് അപ്ഗ്രേഡ് ചെയ്ത് എടുക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള upgradation കോഴ്സ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളായ നീണ്ടകര, കൊടുങ്ങല്ലൂർ, എന്നിവിടങ്ങളിൽ നടത്തി വരുന്നുണ്ട്. |
| (ബി) | മാരിടൈം ബോർഡ് വഴി വിതരണം ചെയ്യുന്ന ലൈസൻസിന്റെ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | നിലവിലുള്ള ബോട്ട് മാസ്റ്റർ ലൈസൻസ് തുറമുഖ വകുപ്പ് വഴി പുതുക്കി നൽകുന്നുണ്ടെങ്കിലും ഉദ്യോഗാർത്ഥികൾക്ക് പുതുതായി ലൈസൻസ് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | KIV rule 2010-ലോ ഇൻലാന്റ് വെസ്സൽ ആക്ട് 2021, ഇൻലാന്റ് വെസ്സൽ മാനിംഗ് റൂൾ 2022 എന്നിവയിലോ ബോട്ട് മാസ്റ്റർ ലൈസൻസ് എന്ന സർട്ടിഫിക്കറ്റിനെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. എന്നാൽ travancore public cannals and public ferries act/rule പ്രകാരം സ്റ്റേറ്റ് വാട്ടർ ട്രാൻസ് പോർട്ടിൽ ടിക്കറ്റ് കളക്ടർ ആയി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ബോട്ട് മാസ്റ്റർ ലൈസൻസാണ് നൽകുന്നത്. ടി ലൈസൻസിന്റെ കാലാവധി കഴിയും വരെ എല്ലാ വർഷവും ഈ ലൈസൻസ് പുതുക്കി നൽകേണ്ടതുണ്ട്. |
| (ഡി) | പുതുതായി ബോട്ട് മാസ്റ്റർ ലൈസൻസ് വിതരണം ചെയ്യാൻ കഴിയില്ലെങ്കിൽ നിലവിലുള്ള ലൈസൻസ് പുതുക്കി നൽകുന്നത് നിയമപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ? | (ഡി) | KIV rule 2010-ലോ ഇൻലാന്റ് വെസ്സൽ ആക്ട് 2021, ഇൻലാന്റ് വെസ്സൽ മാനിംഗ് റൂൾ 2022 എന്നിവയിലോ ബോട്ട് മാസ്റ്റർ ലൈസൻസ് എന്ന സർട്ടിഫിക്കറ്റിനെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. എന്നാൽ travancore public cannals and public ferries act/rule പ്രകാരം സ്റ്റേറ്റ് വാട്ടർ ട്രാൻസ് പോർട്ടിൽ ടിക്കറ്റ് കളക്ടർ ആയി ജോലി ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്ക് ബോട്ട് മാസ്റ്റർ ലൈസൻസാണ് നൽകുന്നത്. ടി ലൈസൻസിന്റെ കാലാവധി കഴിയും വരെ എല്ലാ വർഷവും ഈ ലൈസൻസ് പുതുക്കി നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ